## പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നം. 977** — **30/06/2015-ലെ മറുപടിയ്ക്ക്**

### പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ

| | <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|---|
| | **ശ്രീ. കെ. രാധാകൃഷ്ണൻ** | | **ശ്രീ. എ.പി. അനിൽകുമാർ**<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാര മേറ്റതിനു ശേഷം പട്ടിക ജാതിവിഭാഗത്തിൽപ്പെട്ടവരുടെ ഏതെങ്കിലും വായ്പകൾ എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ)<br>(ബി) &<br>(സി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം, 12-11-2009 ലെ സ.ഉ(പി) നമ്പർ 100/2009/പജപവവിവ പ്രകാരം നിലവിലുണ്ടായിരുന്ന കടം എഴുതിത്തള്ളൽ പദ്ധതിയുടെ ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിരുന്നു.<br>കൂടാതെ ഈ സർക്കാർ അധികാര മേറ്റതിനു ശേഷം പട്ടിക ജാതിവിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000/- രൂപവരെയുള്ള വായ്പകൾ 10/12/2013 ലെ സ.ഉ (പി) 99/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)<br>സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31/03/2010 ൽ തിരിച്ചടവ് കാലാവധികഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് 30.03.2015 ലെ സ.ഉ.(അച്ചടി) നം. 24/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ബി) | എങ്കിൽ ഏതെല്ലാം ധനകാര്യ, സഹകരണ സ്ഥാപനങ്ങളിലെ വായ്പകളാണെന്ന് ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (സി) | നിലവിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ: എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

Sali K.T

സെക്ഷൻ ഓഫീസർ